KOLLAM CITY POLICE
https://www.kollam city.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 27/ 01/ 2021

# ഗുണ്ട മുരുകനെ കാപ്പാ ചുമത്തി ജയിലിലടച്ചു



കൊല്ലം : കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ പരവൂർ, ചാത്തന്നൂർ പോലീസ് സ്റ്റേഷനുകളിൽ നരഹത്യ ശ്രമത്തിന് നാലോളം കേസുകളിൽ പ്രതിയായ പരവൂർ വില്ലേജിൽ നെടുങ്ങോലം ചേരിയിൽ മീനാട്ടുവിള വീട്ടിൽ ഗോപിനാഥൻ മകൻ മുരുകനെ (30) കാപ്പ ചുമത്തി ജയിലിലടച്ചു. വ്യക്തികൾക്ക് നേരെയുള്ള കയ്യേറ്റം, കഠിന ദേഹോപദ്രവം, അന്യായമായ സംഘം ചേരൽ, ആയുധം കൊണ്ട് ദേഹോപദ്രവം ഏൽപ്പിക്കൽ, സ്ഫോടക വസ്തുക്കൾ ഏറിഞ്ഞ് ആക്രമിക്കൽ, കൊലപാതക ശ്രമം തുടങ്ങിയ കേസുകളിലെ പ്രതിയാണ് മുരുകൻ. കൊടും കുറ്റവാളികൾക്കെതിരെ കാപ്പാ ചുമത്തുന്നതിന്റെ ഭാഗമായി ജില്ലാ പോലീസ് മേധാവി നാരായണൻ.റ്റി.ഐ.പി.എസ്സ് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കരുതൽ തടങ്കൽ ഉത്തരവായത്. കൊടും ക്രിമിനലുകൾക്കെതിരെ നടപടി ശക്തമാക്കുന്നതിന്റെ ഭാഗമായി ഇത്തരക്കാരെ പ്രത്യേകം നിരീക്ഷിക്കുന്നതിനായി ഒരോ പോലീസ് സ്റ്റേഷനിലും സബ്ബ് ഇൻസ്പെക്ടർ റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുള്ളതായും അനുയോജ്യരായവർക്കെതിരെ കാപ്പാ നടപടികൾ അടിയന്തരമായി സ്വീകരിക്കുമെന്നും ജില്ലാ പോലീസ് മേധാവി അറിയിച്ചു. പരവൂർ ഇൻസ്പെക്ടർ രതീഷ്. ആറിന്റെ നേതൃത്വത്തിൽ എസ്സ്.ഐമാരായ ജയകുമാർ.വി, വിജിത് കെ. നായർ, സണ്ണോ, എസ്സ്.സി.പി.ഓ പ്രമോദ് സി.പി.ഓ അനീഷ് എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. ഇയളെ തിരുവനന്തപുരം സെൻട്രൽ ജയിലിലേക്ക് മാറ്റി.